# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

14/03/2017-ന് മറുപടിക്ക്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**
**നമ്പർ. 3385**

## പി.എസ്.സി.റാങ്ക് പട്ടികകൾ റദ്ദാക്കുന്നതുമൂലമുള്ള പ്രത്യാഘാതങ്ങൾ

**ചോദ്യം**

ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്
ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
ശ്രീ.എം.ഉമ്മർ
ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | നാമമാത്ര നിയമനങ്ങൾ നടന്നതും, നിലവിൽ ഒഴിവുകളുള്ളതുമായ തസ്തികകളിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് പട്ടികകൾ ഒറ്റയടിക്ക് റദ്ദാക്കുന്നതുമൂലമുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | ഒരു തസ്തികയുടെ നിയമനത്തിനായി പി.എസ്.സി.തയ്യാറാക്കുന്ന റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്നു വർഷവും ആണ് ലിസ്റ്റിന്റെ കാലാവധി. ഇപ്രകാരം 3 വർഷം പൂർത്തിയായ ശേഷവും പ്രസ്തുത ലിസ്റ്റിൽ നിന്നും ഒരാളെപ്പോലും നിയമനശിപാർശ ചെയ്യാത്ത പക്ഷം നിയമന ശുപാർശ ചെയ്യുന്നതുവരെ അല്ലെങ്കിൽ ഒരു വർഷം വരെ(ഏതാണോ ആദ്യം വരുന്നത് അതുവരെ) ദീർഘിപ്പിക്കാൻ വ്യവസ്ഥയുണ്ട്. |
| (ബി) | നിലവിലുള്ള ഒഴിവുകൾ ഈ റാങ്ക് പട്ടികകളിൽ നിന്നും നികത്തുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഒരു തസ്തികയുടെ നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ കാലാവധി അവസാനിച്ച ശേഷം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ വ്യവസ്ഥയില്ല. |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി നിയമനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ പരിഹാര നടപടികളെക്കുറിച്ച് ആലോചിക്കുമോ ? | (സി) | ഇല്ല. |

Ramjith NR

സെക്ഷൻ ഓഫീസർ